# ഐക്യവും സാഹോദര്യവും ഊട്ടിയുറപ്പിച്ച് തനിമ ഇഫ്ത്വാർ സംഗമം

**ദമ്മാം:** സാമുദായിക ഐക്യവും സാഹോദര്യവും ഊട്ടിയുറപ്പിക്കാൻ ആഹ്വാനം ചെയ്ത് കെ.ഐ.ജി തനിമ ഇഫ്ത്വാർ സംഘടനാ നേതാക്കളുടെ സംഗമ വേദിയായി. ദമ്മാമിലെ രാഷ്ട്രീയ മത സാംസ്കാരിക രംഗങ്ങളിലെ മുഖ്യ ധാരാ സംഘടനകളുടെ പ്രതിനിധികൾ സംഗമത്തിനെത്തിയിരുന്നു. ഒരു പ്രത്യേക മത വിഭാഗത്തിൽ പെട്ടവരെ മുഖ്യധാരയിൽ നിന്ന് അകറ്റിനിർത്താനുള്ള ആസൂത്രിത ശ്രമങ്ങളെ പക്വതയോടെയും ക്ഷമയോടെയും നേരിടാൻ ഇന്ത്യയിലെ മുസ്‌ലിം സംഘടനകൾക്ക് സാധിച്ചതായി സംഗമത്തിൽ മുഖ്യ പ്രഭാഷണം നടത്തിയ കെ.ഐ.ജി സുഊദി പ്രസിഡന്റ് കെ.എം ബഷീർ അഭിപ്രായപ്പെട്ടു. അഭിപ്രായ ഭിന്നതകൾ മറന്ന് പൊതു വിഷയങ്ങളിൽ ഒരുമിച്ചിരിക്കാനുള്ള വേദികളായി ഇഫ്ത്വാർ സംഗമങ്ങൾ മാറേണ്ടതുണ്ട്. ജീവിതത്തിൽ സൂക്ഷ്മത വർധിപ്പിക്കാനുള്ള അവസരമായി റമദാനെ കാണണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.



*കെ.ഐ.ജി തനിമ ദമ്മാമിൽ സംഘടിപ്പിച്ച ഇഫ്ത്വാർ സംഗമം*

കൂടുതൽ വിഷയങ്ങളിൽ അഭിപ്രായ ഐക്യം ഉണ്ടായിരിക്കെ, ചെറിയ അഭിപ്രായ വ്യത്യാസങ്ങളുടെ പിറകെ പോയി സംഘടനകൾ തമ്മിലുള്ള ഐക്യം തകർക്കുന്നത് ശരിയല്ലെന്ന് വിവിധ നേതാക്കൾ അഭിപ്രായപ്പെട്ടു. എല്ലാ സംഘടനകളെയും ഉൾക്കൊള്ളുന്ന പൊതുവേദിയുടെ പ്രസക്തി വർധിച്ചിരിക്കുന്നതായും വിലയിരുത്തലുണ്ടായി. ഇതിന് മുൻകൈ എടുക്കുന്നവർക്ക് വിവിധ നേതാക്കൾ പിന്തുണ അറിയിച്ചു. റമദാന്റെ ചൈതന്യം നഷ്ടപ്പെടുത്തുന്ന ഇഫ്ത്വാർ പാർട്ടികളല്ല, റമദാന്റെ സന്ദേശം പ്രസരിപ്പിക്കുന്ന ഇഫ്ത്വാർ സൗഹൃദ സംഗമങ്ങളാണ് ഉണ്ടാവേണ്ടത്. നവോദയ, കെ.എം.സി.സി, ഒ.ഐ.സി.സി, നവയുഗം, ഇന്ത്യൻ ഇസ്‌ലാഹി സെന്റർ, ഇസ്‌ലാമിക് സെന്റർ, ഐ.എം.സി.സി, പി.സി.എഫ്, എം.എസ്.എസ്, സിജി, യൂത്ത് ഇന്ത്യ തുടങ്ങിയ സംഘടനകൾക്ക് പുറമെ പ്രാദേശിക കൂട്ടായ്മ പ്രതിനിധികളും പങ്കെടുത്തു. പി.ടി അബ്ദുർറഷീദ് സമാപന പ്രസംഗം നടത്തി. തനിമ ആക്ടിംഗ് പ്രസിഡന്റ് ഇബ്‌റാഹീം കുട്ടി മട്ടന്നൂർ നന്ദി പറഞ്ഞു. ശരീഫ് മേലാറ്റൂർ ഖിറാഅത്ത് നടത്തി.

# ഇമെയിൽ ഖുർആൻ പഠനവേദി പുതിയ ബാച്ച് ഉദ്ഘാടനം

**രിയാദ്:** 'ഖുർആൻ പഠനത്തിനൊരെളുപ്പവഴി' എന്ന ഖുർആൻ പാഠ്യപദ്ധതിയുടെ കീഴിൽ 2007 മുതൽ നടന്നുവരുന്ന ഇമെയിൽ ഖുർആൻ പഠനവേദിയുടെ 20-ാമത് ബാച്ച് സാമൂഹിക പ്രവർത്തകൻ നസീർ അഹ്മദ് ഉദ്ഘാടനം ചെയ്തു. അറബി ഭാഷയിൽ എഴുത്തും വായനയുമറിയുന്ന ഏതൊരു സാധാരണക്കാരനും രണ്ടു വർഷത്തെ പ്രതിവാര പഠനം പൂർത്തിയാകുമ്പോഴേക്കും ഖുർആന്റെ ആശയം ഗ്രഹിക്കാനുതകുന്നവിധം സംവിധാനിച്ചിട്ടുള്ളതാണ് പാഠ്യപദ്ധതി. മനഃശാസ്ത്ര വിദഗ്ധരെയും വിദ്യാഭ്യാസവിചക്ഷണരെയും അവലംബിച്ച് ഡോ. അബ്ദുൽ അസീസ് അബ്ദുർറഹീം തയാറാക്കിയിട്ടുള്ള പാഠ്യപദ്ധതിയുടെ മുഖ്യ സവിശേഷത മനസ്സും ശരീരവും മുഴുവനായും പഠനത്തിൽ കേന്ദ്രീകരിക്കുന്ന 'സമ്പൂർണ ഭൗതിക പങ്കാളിത്തം' (total physical interaction) ആണെന്ന് ഉദ്ഘാടകൻ വ്യക്തമാക്കി. ഖുർആനിലെ ഏഴ് ചെറിയ അധ്യായങ്ങളും നമസ്കാരവുമായി ബന്ധപ്പെട്ട പ്രാർഥനകളും അടങ്ങുന്ന ആദ്യ ഭാഗം പഠിക്കുമ്പോഴേക്കും ഖുർആനിലെ 50 ശതമാനം പദങ്ങളും പഠിക്കാമെന്നദ്ദേഹം വിശദീകരിച്ചു.

Understand Quran

തുടർന്ന് പദ്ധതി മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയ നുജൂം അബ്ദുൽ വാഹിദ് പാഠ്യപദ്ധതിയുടെ മലയാളപ്പതിപ്പിന്റെ സവിശേഷതകൾ വിശദീകരിച്ചു. സൂറത്തുൽ ഫാത്തിഹയും ഖുർആനിലെ അവസാനത്തെ 37 അധ്യായങ്ങളുമടങ്ങുന്ന പാഠഭാഗം 104 ചെറിയ യൂനിറ്റുകളായാണ് തിരിച്ചത്. ഖുർആനിൽ ധാരാളമായി ഉപയോഗിക്കപ്പെടുന്ന 105 ക്രിയകളടക്കം തെരഞ്ഞെടുത്ത 500 പദങ്ങളും ക്രിയക

ളുടെ 21 രൂപഭേദങ്ങളും പഠിക്കുന്നതോടു കൂടി ഖുർആനിലെ 80 ശതമാനത്തിലധികം പദങ്ങളും പഠിക്കാൻ സാധിക്കും. ശേഷിക്കുന്ന പദങ്ങൾ ഖുർആൻ ഒരാവർത്തി പാരായണം ചെയ്യുന്നതിനിടയിൽ പഠിച്ചുപോകാവുന്ന തരത്തിൽ ഖുർആനിക പദങ്ങൾ അതേ നിലയിൽതന്നെ ആവർത്തനരഹിതമായി അർഥസഹിതം ക്രോഡീകരിച്ചുള്ള 'സംക്ഷിപ്ത ഖുർആൻ നിഘണ്ടു'വാണ് കോഴ്സിന്റെ അവസാനഘട്ടം. സൂക്ഷ്മ പരിശോധനയിൽ, ആവർത്തിച്ചു വരുന്ന 4500 പദങ്ങൾ മാത്രമടങ്ങുന്ന ഖുർആൻ പഠിക്കാൻ ദീർഘകാലം ആവശ്യമില്ലെന്നും ഖുർആനുമായി നിരന്തരം ഇടപെടുന്ന സാധാരണ വായനക്കാരനെ സംബന്ധിച്ചേടത്തോളം ആഴ്ചയിൽ 20 മിനിറ്റ് ചെലവഴിച്ചാൽ രണ്ടു വർഷം കൊണ്ട് ഖുർആൻ പഠിക്കാമെന്നും അദ്ദേഹം വ്യക്തമാക്കി.

ഇമെയിൽ കോഴ്സിൽ ചേരുന്നവർക്ക് പവർ പോയിന്റ് പ്രസന്റേഷൻ, നോട്ടുകൾ, വർക്ക് ഷീറ്റ്, പോക്കറ്റ് ഗൈഡ്, ബഹുവർണ പോസ്റ്റർ എന്നിവ എല്ലാ ആഴ്ചയും അയച്ചുകൊടുക്കും. പാഠങ്ങളുടെ എം.പിത്രീ ഫയലുകൾ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. തീർത്തും സൗജന്യമായി നടത്തപ്പെടുന്ന ഈ കോഴ്സിൽ ചേരാനാഗ്രഹിക്കുന്നവർക്ക് http://understandquran.yolasite.com/registration.php എന്ന സൈറ്റിലൂടെ പുതിയ പഠനവേദിയിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് understandthequran@gmail.com എന്ന വിലാസത്തിൽ ബന്ധപ്പെടുക.

# സമൂഹത്തെ മാനവികമാക്കുന്നത് വായന – ഫാറൂഖ് അബ്ദുർറഹ്മാൻ



*ഫാറൂഖ് അബ്ദുർറഹ്മാൻ സദസ്സുമായി സംവദിക്കുന്നു*

**ദോഹ:** ഏതൊരു സമൂഹത്തെയും മാനവികമാക്കുന്നത് വായനയാണ്. കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹിക ജീവിത ദുരന്തത്തിന് വായനയുടെ അഭാവം കാരണമായിട്ടുണ്ട്. നമ്മുടെ വീടിനെയും കുടുംബത്തെയും വായനയുമായി ബന്ധിപ്പിക്കാൻ ശ്രമിക്കുമ്പോൾ മാത്രമാണ് കേരളത്തിന്റെ പരമ്പരാഗത മൂല്യബോധം തിരിച്ചുപിടിക്കാൻ സാധ്യമാവുക. പ്രശസ്ത ചലച്ചിത്ര സംവിധായകൻ ഫാറൂഖ് അബ്ദുർറഹ്മാൻ അഭിപ്രായപ്പെട്ടു. എഫ്.സി.സി കാഴ്ചയുടെ ആഭിമുഖ്യത്തിൽ നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇലക്ട്രോണിക് മാധ്യമങ്ങളും ടി.വി ചാനലുകളും കേരളീയ സമൂഹത്തിന്റെ മൂല്യച്യുതിക്ക് കാരണമാകുന്നുവെന്നും അദ്ദേഹം പറഞ്ഞു.

കളിയച്ഛൻ സിനിമയുടെ സംവിധായകൻ എന്ന നിലയിൽ സദസ്സിൽ നിന്നുയർന്ന ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി നൽകി. കവി. പി. കുഞ്ഞിരാമൻ നായരുടെ 'കളിയച്ഛൻ' എന്ന കവിതയും ജീവിതവുമാണ് തന്റെ സിനിമക്ക് ആധാരം. നമ്മുടെ ലബ്ധ പ്രതിഷ്ഠരായ മഹാകവികൾക്ക് സ്വാർഥവും സ്വകാര്യവുമായ ചില താൽപര്യങ്ങളുണ്ടായിരുന്നു. ഇതൊന്നുമില്ലാത്ത ഒരു വിശുദ്ധമായ കാവ്യജന്മമായിരുന്നു പി.യുടേത്. ഏകാന്ത പഥികനായ അദ്ദേഹത്തിന്റെ ജീവിതമാണ് ചലച്ചിത്രകാരനായ തന്നെ 'കളിയച്ഛൻ' ചെയ്യാൻ പ്രേരിപ്പിച്ചത്. മാതൃത്വത്തിന്റെ മഹത്വവും പുഴയും പ്രകൃതിയും ഇല്ലാതാവുന്നതിന്റെ ആശങ്കകളും, ശക്തമായ സ്ത്രീ പ്രതിനിധാനമെന്ന നിലയിലെ ദേവു എന്ന സ്ത്രീ കഥാപാത്രത്തെയുമെല്ലാം സിനിമയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സ്വീകരണയോഗത്തിൽ എഫ്.സി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ ഹബീബുർറഹ്മാൻ കിഴിശ്ശേരി ആമുഖഭാഷണം നടത്തി. എഫ്.സി.സി കലാസാഹിത്യവേദി കൺവീനർ സി.ആർ. മനോജ്, റഫീഖ് മേച്ചേരി, അബ്ദുൽ അസീസ് കൂളിമുട്ടം, നവാസ് മുക്രിയകത്ത്, സലാം കോട്ടക്കൽ, ഇബ്റാഹീം പൊടിയാടി, അബ്ദുർറഹ്മാൻ പുറക്കാട്, എം.ടി. നിലമ്പൂർ, റഫീഖുദ്ദീൻ പാലേരി, ജബ്ബാർ കോട്ടക്കൽ, റഫീഖ് പുറക്കാട് പങ്കെടുത്തു.

## എഴുത്തുകാരുടെ/റിപ്പോർട്ടർമാരുടെ ശ്രദ്ധക്ക്

*പ്രബോധനം* ഇന്റർനാഷ്നലിലേക്കുള്ള ലേഖനങ്ങളും 'ഗൾഫ് വിശേഷ'ത്തിലേക്കുള്ള വാർത്തകളും താഴെ വിലാസത്തിൽ മാത്രം അയക്കുക. അയക്കുന്ന ഫോട്ടോകൾക്ക് ഇംഗ്ലീഷിലോ മലയാളത്തിലോ കാപ്ഷൻ നൽകിയിരിക്കണം

**editorprabodhanam@gmail.com**

-എഡിറ്റർ